**ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ് (ICSF) ട്രസ്റ്റ്**

**പരിശീലകർക്കായുള്ള പരിശീലനം ദേശീയ പഠനക്കളരി**
**ചെറുകിട മത്സ്യമേഖലാ മാർഗ്ഗനിർദ്ദേശങ്ങളിൽ**

**ആശയക്കുറിപ്പ്**

**സ്ഥലം: ആശാ നിവാസ്, ചെന്നൈ**

**തീയതി: 13 മുതൽ 15 ഒക്ടോബർ 2022**

## I. ആമുഖം

ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സ്ഥായിയായ ചെറുകിട മത്സ്യ മേഖലയുടെ സംരക്ഷണത്തിനായി സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (SSF മാർഗ്ഗനിർദ്ദേശങ്ങൾ) ഐക്യ രാഷ്ട്ര സഭയുടെ ഭക്ഷ്യ കാർഷിക സംഘടന (FAO) ഫിഷറീസ് കമ്മിറ്റി (COFI) അതിന്റെ 31-ാമത് യോഗത്തിൽ 2014 ജൂൺ മാസം അംഗീകരിക്കുകയുണ്ടായി. ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നത് പോഷകാഹാരത്തിനും ഭക്ഷ്യ സുരക്ഷക്കും ചെറുകിട മത്സ്യ മേഖല നൽകുന്ന സംഭാവന മെച്ചപ്പെടുത്തുന്നതിൽ ഒരു ഗണ്യമായ പങ്ക് വഹിക്കുമെന്ന് തിരിച്ചറിയുന്നുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായാണ്, **ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ്** (ICSF) ട്രസ്റ്റ് ദേശീയതലത്തിൽ പരിശീലകർക്കായുള്ള പരിശീലനത്തിന് വേണ്ടി ഒരു പഠനക്കളരി 2022 ഒക്ടോബർ 13 മുതൽ 15 വരെ ചെന്നൈയിൽ വച്ച് സംഘടിപ്പിക്കുന്നത്. ഈ പഠനക്കളരിയിൽ ആന്ധ്രാ പ്രദേശ്, ഗോവ, ഗുജറാത്ത്, കർണാടക, കേരളം, മഹാരാഷ്ട്ര, ഒഡീഷ, തമിഴ് നാട്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ മുഖ്യ മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## II. പ്രസക്തി

ഇന്ത്യയിലെ 8,118 കി.മീ നീളം വരുന്ന കടൽത്തീരമുള്ള ഒൻപത് സംസ്ഥാനങ്ങളിലും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി, ഏകദേശം 40 ലക്ഷം വരുന്ന പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും അടങ്ങുന്ന മത്സ്യ കുടുംബങ്ങളാണുള്ളത്. കടൽ മത്സ്യ മേഖലയിൽ 300,000 മത്സ്യബന്ധന യാനങ്ങളുണ്ട്, ഇതിൽ 66,000 പരമ്പരാഗത, 140,000 മോട്ടോർവൽകൃത ഉരുക്കളും കൂടാതെ ആഴക്കടൽ മീൻപിടുത്തം നടത്തുന്നവ ഉൾപ്പെടെ 70,000 യന്ത്രവൽകൃത ഉരുക്കളുമുണ്ട്.[1]

രാജ്യത്തെ കടൽ മേഖല ചതുപ്പു പ്രദേശങ്ങൾ, പവിഴപ്പുറ്റുകൾ, കണ്ടൽക്കാടുകൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവ കൂടാതെ ബംഗാൾ ഉൾക്കടൽ തീരത്തെ വിപുലമായ ഡെൽറ്റ, അതുപോലെ അറേബ്യൻ സമുദ്രത്തിലെ വിപുലമായ കോണ്ടിനന്റൽ ഷെൽഫ് മേഖല എന്നീ വിശിഷ്ടമായ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്, ഇവ മത്സ്യ പ്രജനനത്തിലും ഉൽപ്പാദനത്തിലും ഗണ്യമായ പങ്ക് വഹിക്കുകയും ചെയ്യുന്നു. ഈ പ്രകൃതിദത്തമായ വിഭവങ്ങളുടെ ഉപയോഗത്തിനും

[1] Based on the *Handbook on Fisheries Statistics, 2020*. The fleet size, however, is only two-thirds of the above figures if the 2016 census figures of the Central Marine Fisheries Research Institute (CMFRI) are consulted.

പരിപാലനത്തിനും, ഒരു നിര നിയമ ഉപാധികളും ഉണ്ട്, ഇവയിൽ നിയമങ്ങൾ, വിജ്ഞാപനങ്ങൾ, ഭരണപരമായ ഉത്തരവുകൾ, ഉപദേശരൂപേണയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, നയങ്ങൾ, ചട്ടങ്ങളും നിയന്ത്രണങ്ങളും അടങ്ങുന്നുമുണ്ട്.

ഫിഷറീസും സമുദ്ര ആവാസ വ്യവസ്ഥകളും സംബന്ധിച്ച നിയമ ഉത്തരവാദിത്തങ്ങൾ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വ്യാപിച്ചു കിടക്കുന്നു. കേന്ദ്ര സർക്കാരിന്റെ മത്സ്യ, കന്നുകാലി, ക്ഷീര മന്ത്രാലയത്തിന് കീഴിലുള്ള ഫിഷറീസ് വകുപ്പിനാണ് രാജ്യത്തിന്റെ അധീനതിയിലുള്ള മുഴുവൻ സമുദ്ര മേഖലയിലെ (EEZ) ഉത്തരവാദിത്തം ഉള്ളതെങ്കിൽ, ടെറിട്ടോറിയൽ സമുദ്രത്തിലെ (22 കി.മീ) ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകൾക്കാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നിരവധി മത്സ്യ ഉൽപ്പാദന, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ സംസ്ഥാന ഫിഷറീസ് വകുപ്പുകൾ വഴിയാണ് നടപ്പാക്കുന്നത്.

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡ്, മറ്റു ചുമതലകൾക്കൊപ്പം, കടലിൽ അപകടത്തിൽ പെടുന്ന മീൻപിടുത്തക്കാരുടെ സുരക്ഷാ ചുമതലയും നിർവഹിക്കുന്നുണ്ട്, കൂടാതെ ഇന്ത്യൻ കടലിൽ അതിക്രമിച്ചു മീൻപിടുത്തം നടത്തുന്ന വിദേശ ഉരുക്കളെ തടയുന്നതും അവരുടെ ചുമതലയാണ്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് തീര സമുദ്ര ജൈവ വൈവിധ്യ പരിസ്ഥിത പരിപാലന ചുമതലയുണ്ട്. കേന്ദ്ര ഭൌമ ശാസ്ത്ര മന്ത്രാലയത്തിനാണ് മുഴുവൻ സമുദ്ര മേഖലയുടെ (EEZ) പരിസ്ഥിതി സംരക്ഷണ, പരിപാലനത്തിന്റെ ഉത്തരവാദിത്തം, കൂടാതെ സമുദ്ര വിഭവങ്ങളുടെ ഭൂപടം തയ്യാറാക്കൽ, സാങ്കേതികവിദ്യയുടെ വികസനം, ഭൂമിക്കായുള്ള കമ്മിഷൻ (ബ്ലൂ ഇക്കോണമി), നയങ്ങളും നിയമങ്ങളും രൂപീകരിക്കൽ എന്നിവയും അവരുടെ കീഴിൽ വരുന്നു.

1982-ലെ ഐക്യ രാഷ്ട്ര സഭയുടെ സമുദ്ര നിയമം കൺവെൻഷൻ ((LOSC, 1971), 1971-ലെ ചതുപ്പ് പ്രദേശ കൺവെൻഷൻ (രാംസാർ കൺവെൻഷൻ), 1973-ലെ വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെയും ജീവജാലങ്ങളുടെയും വ്യാപാരം സംബന്ധിച്ച കൺവെൻഷൻ (CITES), 1979-ലെ ദേശാടന വന്യ ജീവികളുടെ സംരക്ഷണ കൺവെൻഷൻ (CMS), 1992-ലെ ജൈവ വൈവിധ്യ കൺവെൻഷൻ (CBD), ഇതിൽ സമുദ്ര ജൈവ വൈവിധ്യവും 1995-ൽ കൂട്ടിച്ചേർത്തിരുന്നു, തുടങ്ങിയ അന്താരാഷ്ട്ര നിയമ ഉപാധികളിലും ഇന്ത്യ ഒരു കക്ഷിയാണ്.

## III. പശ്ചാത്തലം

ഈ ശിൽപ്പശാല 2019-ൽ ചെന്നൈയിൽ നടന്ന ദേശീയ മത്സ്യമേഖലാ നയം സംബന്ധിച്ച ശിൽപ്പശാലയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടാതെ ഇന്ത്യയിലെ മറ്റ് മത്സ്യത്തൊഴിലാളി-സാമൂഹ്യ സംഘടനകളുമായുള്ള ആശയവിനിമയത്തിൽ ഉയർന്ന നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്. 2021 ഫെബ്രുവരിയിൽ ഗോവയിൽ നടന്ന നാഷണൽ ഫിഷ്-വർക്കേഴ്സ് ഫോറം (NFF) യോഗത്തിൽ പരിശീലകർക്കായുള്ള ഒരു പരിശീലന കളരി എന്ന ആശയം ICSF മുന്നോട്ടു വച്ചിരുന്നു. ഇത് NFF സ്വാഗതം ചെയ്യുകയും ഇനി പറയുന്നവ ഉൾപ്പെടെ നിരവധി വിഷയങ്ങൾ പരിഗണിക്കാൻ ശുപാർശ ചെയ്യുകയുമുണ്ടായി: (i) വൻകിട വികസന പദ്ധതികൾ (ഓയിൽ, ഗ്യാസ് ഖനനം ഉൾപ്പെടെ) കടലോര-സമുദ്ര മേഖലകളിൽ വരുന്ന പശ്ചാത്തലത്തിൽ ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ; (ii) കാലാവസ്ഥാ കാരണങ്ങൾ

ഉൾപ്പെടെ ചില സീസണുകളിൽ മീൻപിടുത്തം നിർത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കൽ; (iii) ഉയരുന്ന ഇന്ധന ചെലവ് നേരിടാൻ സബ്സിഡികൾ അനുവദിക്കുന്നത്.

ചെറുകിട മത്സ്യത്തൊഴിലാളികളുടെ ദേശീയ വേദിയുമായുള്ള (NPSSFW) ചർച്ചയിൽ, *പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജനയുടെ* (PMMSY) കീഴിൽ വരുന്ന പദ്ധതികൾ വിലയിരുത്തി അവ എങ്ങനെ ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് പ്രാപ്യമാക്കാൻ കഴിയുമെന്ന്, പ്രത്യേകിച്ച് പ്രാദേശിക തലത്തിൽ, പഠിക്കേണ്ടതാണെന്ന നിർദ്ദേശമുണ്ടായി. കടലോര, സമുദ്ര ദേശീയ പാർക്കുകൾ പോലെയുള്ള സംരക്ഷിത മേഖലകളുടെ (ഉദാ. കണ്ടൽക്കാടുകൾ, സുന്ദർബൻ ദേശീയ ഉദ്യാനം, പശ്ചിമ ബംഗാൾ) സമീപം വസിക്കുന്ന ചെറുകിട മീൻപിടുത്തക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉപജീവനം സംരക്ഷിക്കുന്നത് എങ്ങനെ ആയിരിക്കണമെന്ന് പരിശോധിക്കണമെന്നും അവർ നിർദ്ദേശിച്ചു.
വൻകിട വികസന പദ്ധതികൾ സംബന്ധിച്ച്, SSF മാർഗ്ഗ നിർദ്ദേശങ്ങൾ തർക്ക പരിഹാരത്തിന് നീതിന്യായ-ഭരണപരമായ നടപടിക്രമങ്ങൾ പ്രാപ്യമാകുന്നത് ഉറപ്പാക്കുന്നുണ്ട്, കൂടാതെ ബാധിതരായ മീൻപിടുത്തക്കാർക്കും തൊഴിലാളികൾക്കും പുനരധിവാസം, നഷ്ടപരിഹാരം തുടങ്ങിയ ഫലപ്രദമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നുമുണ്ട് (ഖണ്ഡിക 5.11). ചെറുകിട മീൻപിടുത്തക്കാരെ ഏകപക്ഷിയമായി കുടി ഒഴിപ്പിക്കില്ലെന്ന് SSF മാർഗ്ഗ നിർദ്ദേശങ്ങൾ ഉറപ്പാക്കുന്നുണ്ട് കൂടാതെ അവരുടെ നീതിപൂർവകമായ കൈവശാവകാശങ്ങളും അനുഭവക്രമങ്ങളും ഇല്ലാതാക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യരുതെന്നും നിർദ്ദേശിക്കുന്നു (ഖണ്ഡിക 5.9). ചെറുകിട മീൻപിടുത്തക്കാരുടെ ന്യായമായ പരാതികൾ കേൾക്കുന്നതിന് സംസ്ഥാനങ്ങൾ പക്ഷപാതമില്ലാത്ത യോഗ്യതയുള്ള നീതിന്യായ, ഭരണ നടപടിക്രമങ്ങളും ഉറപ്പുവരുത്തേണ്ടതാണ് (ഖണ്ഡിക 5.11).

സംരക്ഷിത മേഖലകളെ സംബന്ധിച്ചിടത്തോളം, SSF മാർഗ്ഗ നിർദ്ദേശങ്ങൾ ഈ മേഖലകളിൽ ഉൾപ്പെടെ, പരിപാലന നടപടികൾ നടപ്പാക്കുന്നതിന്റെ രൂപത്തിലും, ആസൂത്രണത്തിലും ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട് (ഖണ്ഡിക 5.15). മത്സ്യമേഖലയിലെ സീസണൽ അടച്ചിടൽ മൂലമുള്ള നഷ്ടം പരിഹരിക്കുന്നതിന്, ചെറുകിട മേഖലക്കായി സാമൂഹ്യ സുരക്ഷ നടപ്പാക്കാവുന്നതാണ് (ഖണ്ഡിക 6.3). എന്നിരുന്നാലും സാമ്പത്തിക നടപടികൾ അധിക മീൻപിടുത്ത ശേഷി, അമിത മത്സ്യബന്ധനം തുടങ്ങിയ തെറ്റായ പ്രവണതകൾക്ക് ഇടവരുത്താതെ നോക്കേണ്ടതാണ് (5.20).
കടൽ മത്സ്യ സമ്പത്തിലും, കരയിലെ തീര ഭൂമിയിലും ചെറുകിട മീൻപിടുത്തക്കാർക്കും തൊഴിലാളികൾക്കും, പ്രത്യേകിച്ച് സ്ത്രീകൾക്കും ഉള്ള അനുഭവക്രമ അവകാശങ്ങൾ, പരമ്പരാഗത അവകാശങ്ങൾ ഉൾപ്പെടെ, നിയമപരമായി തിരിച്ചറിയുകയും, രേഖപ്പെടുത്തുകയും മാനിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടെന്ന് SSF മാർഗ്ഗനിർദ്ദേശങ്ങൾ പറയുന്നുണ്ട്. അതുപോലെ കൂട്ടായി ഉപയോഗിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പൊതു ഇടങ്ങളിൽ ഈ ചെറുകിട മീൻപിടുത്ത സമുദായങ്ങൾക്ക് അവകാശങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകേണ്ടതുണ്ട് (ഖണ്ഡിക 5.6). കൂടാതെ ദേശീയ നിയമ പരിധിയിൽ വരുന്ന സമുദ്ര മേഖലകളിൽ ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ സമ്പത്തിലും ഉൽപ്പാദനത്തിലും പ്രത്യേക മുൻഗണനാ അവകാശം നൽകുന്നത് ഉറപ്പാക്കണം.

## IV. ശിൽപ്പശാലയുടെ ലക്ഷ്യം

ചെറുകിട മത്സ്യ സമൂഹങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട SSF മാർഗ്ഗനിർദ്ദേശങ്ങളിലെ നയം, നിയമം, ഉപജീവനം എന്നീ കാര്യങ്ങളിൽ ഇടപെടാനുള്ള മത്സ്യത്തൊഴിലാളി സംഘടനകൾ, മറ്റ് സാമൂഹ്യ സംഘടനകൾ, സാമുദായിക സംഘടനകൾ എന്നിവരുടെ ശേഷി മെച്ചപ്പെടുത്തുകയാണ് ശിൽപ്പശാലയുടെ പ്രധാന ലക്ഷ്യം.

## V. ശിൽപ്പശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ

- സമുദ്ര, തീര മത്സ്യ വിഭവങ്ങളിലും സമീപ ഭൂമിയിലും ഉത്തരവാദിത്തത്തോടെ അനുഭവക്രമങ്ങൾ ചെറുകിട മീൻപിടുത്ത സമൂഹത്തിന്, സ്ത്രീകൾ ഉൾപ്പെടെ, പ്രാപ്യമാകുന്നതുമായി ബന്ധപ്പെട്ട ദേശീയവും പ്രാദേശികവുമായ നടപടികളും പ്രശ്നങ്ങളും, SSF മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുക.
- ചെറുകിട മീൻപിടുത്തക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും അവരുടെ ഉപജീവനവും വാസവുമായി ബന്ധപ്പെട്ട പദ്ധതികളും അവകാശങ്ങളും മനസ്സിലാക്കുക.
- ചെറുകിട മീൻപിടുത്തക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും പുതിയ അന്താരാഷ്ട്ര നിയമ-ഉടമ്പടികൾ എങ്ങനെ ബാധിക്കുമെന്ന് ചർച്ച ചെയ്യുക (ഉദാ. ലോക വ്യാപാര സംഘടനയും സബ്സിഡികളും)

## VI. മാർഗ്ഗം/തന്ത്രം

ഈ ശിൽപ്പശാലയുടെ വിഭവങ്ങൾ മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യങ്ങൾ പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. പരിശീലകരെ സഹായിക്കാൻ പ്രായോഗിക അഭ്യാസങ്ങളും ഗ്രൂപ്പ് ചർച്ചകളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഓരോ വിഷയവും മനസ്സിലാക്കുന്നതിന് പശ്ചാത്തല രേഖകളും പവർ-പോയിന്റ് അവതരണങ്ങളും ഉണ്ടാകും. ഈ ശിൽപ്പശാലക്ക് ശേഷം രാജ്യത്തെ നിരവധി തീര സംസ്ഥാനങ്ങളിൽ ശേഷി വികസന പരിശീലന പരിപാടികളും ഉണ്ടാകും.

## VII. പ്രതീക്ഷിക്കുന്ന അനന്തരഫലം

SSF മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ പശ്ചാത്തലത്തിൽ സ്ഥായിയാ ചെറുകിട മത്സ്യ മേഖല സുരക്ഷിതമാക്കാൻ സജീവമായി പ്രാദേശിക തലത്തിൽ ഇടപെടാൻ ചെറുകിട മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ശേഷി ശക്തിപ്പെടുത്തുക.

കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക:

**നിവേദിത ശ്രീധർ/Nivedita Shridhar**
**ICSF Trust, First Floor**
**22 Venkatrathinam Nagar**
**Adyar, Chennai 600020**
**Mobile: 98846 73771**
**E-mail: icsf@icsf.net**
**Telephone: 044-24451216**